LIBRARY ARCHIVES Kerala Legislative Assembly

സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പ

11 (3220) ശ്രീ. എം. എ. വാഹീദ് :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997-98 മുതൽ സംസ്ഥാന ഗവൺമെന്റ് സഹകരണ സ്ഥാപനങ്ങളിൽ നിന്നും എത്ര തുക കടമെടുത്തിട്ടുണ്ട് ;

(ബി) ഇതിന്റെ പലിശ എത്ര വീതമായിരുന്നു ;

(സി) ഇതുവരെ പ്രസ്തുത തുകയുടെ പലിശയിനത്തിൽ എത്ര രൂപ സഹകരണ സ്ഥാപനങ്ങൾക്ക് നൽകി ;

(ഡി) മുതലിൽ എത്ര തുക കൊടുത്തു തീർക്കാനുണ്ട് ;

(ഇ) കുറഞ്ഞ പലിശയ്ക്ക് കടമെടുത്ത് കൂടിയ പലിശയുള്ള പ്രസ്തുത സഹകരണ വായ്പ അടച്ചു തീർക്കാനുദ്ദേശമുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന ഗവൺമെന്റ് സഹകരണ സ്ഥാപനങ്ങളിൽ നിന്നും കടമെടുപ്പ് നടത്തിയിട്ടില്ല.

(ബി-ഇ) ഉദിക്കുന്നില്ല.

മഹിളാപ്രധാൻ ഏജന്റുമാരുടെ സേവനവേതന വ്യവസ്ഥകൾ

12 (3221) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോസ്റ്റാഫീസുകൾ മുഖേന നാഷണൽ സേവിംഗ്സ് ഏജന്റുമാരുടെ (മഹിളാപ്രധാൻ) സേവനം വിലിയിരുത്തിയിട്ടുണ്ടോ ;

(ബി) കഴിഞ്ഞ നാല് വർഷത്തിൽ ഓരോവർഷവും സംസ്ഥാനത്ത് നാഷണൽ സേവിംഗ്സിൽ എന്തു വർദ്ധന ഉണ്ടായിട്ടുണ്ടെന്നു വ്യക്തമാക്കാമോ ;

(സി) മഹിളാപ്രധാൻ ഏജന്റുമാരുടെ സേവന വേതന വ്യവസ്ഥകൾ തുച്ഛമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഏജന്റുമാർക്ക് നൽകിവരുന്ന കമ്മീഷൻ, അലവൻസ് എന്നിവ വർദ്ധിപ്പിക്കണമെന്ന് ഇവർ ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഇ) ഏജന്റുമാർക്ക് പെൻഷൻ സമ്പ്രദായം നിലവിൽ വന്നിട്ടുണ്ടോ ; എങ്കിൽ ഏത് വ്യവസ്ഥയനുസരിച്ച് ; ഉത്തരവിന്റെ പകർപ്പു ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കഴിഞ്ഞ നാല് വർഷത്തിൽ ഓരോ വർഷവും സംസ്ഥാനത്ത് നാഷണൽ സേവിംഗ്സ് കളക്ഷനിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് വ്യക്തമാക്കുന്ന കണക്ക് ചുവടെ ചേർക്കുന്നു :

വർഷം	മിച്ചനിക്ഷേപം
2000-01	876.37 കോടി
2001-02	877.40 കോടി
2002-03	1487.85 കോടി
2003-04	2471.62 കോടി

(സി) ഇല്ല. മറ്റ് സംസ്ഥാനങ്ങളിലെ സേവനവേതന വ്യവസ്ഥകളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ മഹിളാപ്രധാൻ ഏജന്റുമാരുടെ സേവന വേതന വ്യവസ്ഥകൾ വളരെ മെച്ചപ്പെട്ടതാണ്.

(ഡി) കമ്മീഷൻ, അലവൻസ് എന്നിവ വർദ്ധിപ്പിക്കണമെന്ന് ഏജന്റുമാർ ആവശ്യപ്പെട്ടിട്ടുണ്ട്. കമ്മീഷൻ നൽകുന്നതു കേന്ദ്ര സർക്കാരാണ്. കേരളത്തിലെ മഹിളാപ്രധാൻ ഏജന്റുമാർക്ക് മെച്ചപ്പെട്ട സേവന വ്യവസ്ഥകൾ നിലവിലുള്ള തിനാൽ അലവൻസ് വർദ്ധിപ്പിക്കുന്നകാര്യം പരിഗണനയിൽ ഇല്ല.

(ഇ) ഉണ്ട്. എൽ.ഐ.സി.-യുമായി ചേർന്നാണ് പെൻഷൻ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഉത്തരവിന്റെ പകർപ്പ് (ജി.ഒ.പി. നമ്പർ 1084/2000/ധന. തീയതി 14-8-2000) അനുബന്ധമായി വയ്ക്കുന്നു.*

നികുതി വെട്ടിപ്പുതടയുന്നതിനായി സ്വീകരിച്ച നടപടികൾ

13 (3222) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നതമൂല്യമുള്ള ചരക്കുകളുടെ വിലകുറച്ച് കാണിക്കലും നികുതി വെട്ടിപ്പും തടയുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷം സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ :

(ബി) പ്രസ്തുത നടപടികളിലൂടെ സർക്കാർ അധികവരുമാനം പ്രതീക്ഷി ച്ചിരുന്നത് എത്രയാണെന്നും ഇതുവരെ എത്ര തുക സ്വരൂപിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ :

(സി) പ്രസ്തുത നടപടികൾ ഉദ്ദേശലക്ഷ്യം കൈവരിച്ചിട്ടുണ്ടോ :

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly